പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 419 19.03.2013 ൽ മറുപടിക്ക്

## ബി.പി.എൽ., എസ്.സി., എസ്.ടി. വിഭാഗങ്ങൾക്കുള്ള വൈദ്യുതി കണക്ഷൻ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. സി. ദിവാകരൻ | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) |
| (എ) ബി.പി.എൽ., എസ്.സി., എസ്.ടി. വിഭാഗങ്ങൾക്ക് വൈദ്യുതി കണക്ഷൻ ലഭിക്കുവാൻ ഏതെല്ലാം തരത്തിലുള്ള മുൻഗണനയും ആനുകൂല്യങ്ങളുമാണ് നിലവിലുള്ളത്; വിശദമാക്കുമോ ? | (എ) കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ച കേരളാ ഇലക്ട്രിസിറ്റി സപ്ലൈ കോഡ് 2005, വകുപ്പ് 7 (1) പ്രകാരം 500 വാട്ട്സ് വരെ കണക്റ്റഡ് ലോഡുള്ള ബി.പി.എൽ വിഭാഗത്തിലുള്ള വ്യക്തികളെയും, 1000 വാട്ട്സ് വരെ കണക്റ്റഡ് ലോഡുള്ള എസ്.സി/എസ്.ടി വിഭാഗത്തിലുള്ള വ്യക്തികളെയും ലൈൻ നീട്ടൽ ആവശ്യമില്ലാത്ത വൈദ്യുതി കണക്ഷനുകൾ നൽകുന്നതിന് ചെലവാകുന്ന തുക അടയ്ക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.<br><br>കേന്ദ്രാവിഷ്കൃത പദ്ധതിയായ രാജീവ്ഗാന്ധി ഗ്രാമീണ വൈദ്യുതീകരണ പദ്ധതിയിൽ ഉൾപ്പെടുത്തി എല്ലാ ബി.പി.എൽ കുടുംബങ്ങൾക്കും കണക്റ്റഡ് ലോഡ് പരിധിയില്ലാതെ സൌജന്യ വൈദ്യുതി കണക്ഷനുകൾ നൽകുവാനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ